ആയുർവേദ പ്രസവരക്ഷാ മരുന്നുകളുടെ വിതരണം

കോതമംഗലം : വാരപ്പെട്ടി പഞ്ചായത്തിൽ ആയുർവേദ പ്രസവ രക്ഷാ മരുന്നുകളുടെ വിതരണ ഉദ്ഘാടനം നടത്തി. വാരപ്പെട്ടി ആയുർവേദ ആശുപത്രിയിൽ വെച്ച് നടന്ന ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി കെ ചന്ദ്രശേഖരൻ നായർ അധ്യക്ഷത വഹിച്ചു.

ജില്ലാ പഞ്ചായത്തിന്റെ മാതൃവന്ദനം പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് മരുന്നുകൾ വിതരണം ചെയ്യുന്നത്. ജില്ല പഞ്ചായത്ത് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ റാണിക്കുട്ടി ജോർജ്ജ് പ്രസവ രക്ഷാ മരുന്നുകളുടെ വിതരണ ഉദ്ഘാടനം നിർവഹിച്ചു. ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഡയാന നോബി, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിന്ദു ശശി, ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളായ എം എസ് ബെന്നി, കെ എം സെയ്ത്, ദീപ ഷാജു, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ഷജി ബെസി, കെ കെ ഹുസൈൻ, പ്രിയ സന്തോഷ്, ആയുർവേദ മെഡിക്കൽ ഓഫീസർ അമൃത ആർ നായർ തുടങ്ങിയവർ സംസാരിച്ചു.

വെള്ളാപ്പള്ളിക്ക് പിന്തുണയുമായി ബിഡിജെഎസ് ജില്ലാ കമ്മിറ്റി

ചേർത്തല: സത്യം വിളിച്ചുപറഞ്ഞ എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശനെതിരെ നടത്തുന്ന ഗൂഢ ശ്രമങ്ങളെ എന്ത് വില കൊടുത്തും എതിർക്കുമെന്ന് ബിഡിജെഎസ് ആലപ്പുഴ ജില്ലാ കമ്മിറ്റി അറിയിച്ചു. അടിസ്ഥാന വർഗ്ഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം നൽകുവാൻ ഭരണവർഗ്ഗം ഇനിയും തയ്യാറായില്ലെങ്കിൽ വരുന്ന തിരഞ്ഞെടുപ്പുകളിൽ ശക്തമായ തിരിച്ചടികൾ ഉണ്ടാകുമെന്ന് യോഗം ഉദ്ഘാടനം ചെയ്തു കൊണ്ട് ബിഡിജെഎസ് സംസ്ഥാന ജനറൽ സെക്രട്ടറി പി എസ് ജ്യോതിസ് പറഞ്ഞു. ജില്ലാ പ്രസിഡന്റ് ടി അനിയപ്പൻ അധ്യക്ഷത വഹിച്ചു.

അഭിമുഖം

ചേർത്തല : പട്ടണക്കാട് എസ്. സി. യു ജി.വി.എച്ച്.എസ്.എസ്. ൽ ബസ് ഡ്രൈവർ, ക്ലീനർ (വനിത), സെക്യൂരിറ്റി എന്നീ തസ്തികയിലേക്കുള്ള താത്കാലിക നിയമനത്തിനുള്ള അഭിമുഖം ജൂൺ 21 വെള്ളിയാഴ്ച രാവിലെ 10.30 മുതൽ സ്ക്കൂൾ ഓഫീസിൽ വെച്ച് നടത്തുന്നു. ഉദ്യോഗാർത്ഥികൾ ആവശ്യമായ രേഖകളുമായി എത്തിച്ചേരുക

എബി പൊയ്ക്കാട്ടിലിന് സ്നേഹാദരവ്

പെരുമ്പാവൂർ : ലോക കേരള സഭയിൽ അംഗമായി ചുമതലയേറ്റ എബി പൊയ്ക്കാട്ടിലിനെ അനുമോദിച്ചു. പൊയ്ക്കാട്ടിൽ കുടുംബം ബി.ഒ.സി. റസിഡൻസ് അസോസിയേഷൻ സുഹൃത്തുക്കൾ എന്നിവരുടെ സംയുക്താഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. നഗരസഭ ചെയർമാൻ ബിജു ജോൺ ജേക്കബ് ഉദ്ഘാടനം ചെയ്തു. കുറുപ്പംപടി എം.ജി.എം. ഹയർ സെക്കൻഡറി സ്കൂൾ പൂർവ വിദ്യാർത്ഥിയും കുറുപ്പംപടി മാർത്താമറിയം കത്തീഡ്രൽ ഇടവക അംഗവുമാണ്. മെൽബണിൽ കലാ-സാംസ്കാരിക, സാമൂഹിക മേഖലകളിൽ പ്രവർത്തിക്കുന്നു. എബിയും കുടുംബവും മെൽബണിൽ സ്ഥിരതാമസമാണ്. പിതാവ് കോര എബ്രഹാം, മാതാവ് ഏലിയാമ്മ.

INDIAN INSTITUTE OF HANDWRITING
A National Assessment Board For Handwriting
FOLLOW US NOW
മോശമായ കൈയക്ഷരം മൂലം പരീക്ഷയിൽ അർഹിക്കുന്ന മാർക്ക് നഷ്ടമാകുന്നുണ്ടോ?
HANDWRITING IMPROVEMENT COURSE
ENGLISH | മലയാളം | हिंदी (LANGUAGES)
100% RESULT GUARANTEED NO AGE BARRIER
"Improve Your Handwriting within Hours"
☎ 97452 02893 | 94475 74289

വടാട്ടുപാറ വെള്ളച്ചാട്ടവും, ഇടമലയാറും ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപിക്കണം

കോതമംഗലം: പ്രകൃതി രമണിയമായ, വടാട്ടുപാറ വെള്ളചാട്ടവും ഇടമലയാറും ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപിക്കണമെന്ന ആവശ്യം ശക്തമായി.

ഭൂതത്താൻകെട്ടിലെത്തുന്ന ടൂറിസ്റ്റുകൾ ഇടമലയാർ കാണുന്നതിന് ശ്രമിക്കുമ്പോൾ വനം വകുപ്പ് അധികാരികൾ അനുവദിക്കാറില്ല. ഡാം സുരക്ഷ പാലിച്ചും, പ്രകൃതിയെ സംരക്ഷിച്ചും പാസ്സ് മൂലം പ്രവേശനം നൽകണം.ഇതു വഴി പ്രദേശികമായി തൊഴിലവസരങ്ങൾ വർധിക്കുകയും സർക്കാരിന് വരുമാനം ലഭിക്കുന്നതിനും കാരണമാകും.വൈശാലി ഗുഹയും, ആനക്കയം, പലവൻ പുഴയുടെ തീരവും, വടാട്ടുപാറ വെള്ളചാട്ടവും വൻ സാധ്യതകളുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളാണ്. സുരക്ഷാ ഉദ്യോഗസ്ഥരുടേയും,ഗൈഡുകളേയും നിയമിച്ച് ആവശ്യമായ സൗകര്യങ്ങളും ഒരുക്കണമെന്നും ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം സമിതി ചെയർമാൻ ജയിംസ് കോറമ്പേൽ, വാർഡ് മെമ്പർ രേഖ രാജുവും ആവശ്യപ്പെട്ടു. ഇതിനായി കേരളാ ടൂറിസം മന്ത്രി മുഹമ്മദ് റിയാസിനും, ഡീൻ കുര്യാക്കോസ് എം.പിക്കും നിവേദനം നൽകി.

'പ്രകൃതിഭംഗി കനിഞ്ഞനുഗ്രഹിച്ച വാടാട്ടുപാറ മേഖലയും, ഇവിടുത്തെ വെള്ളച്ചാട്ടവും അവധി ദിനങ്ങളിൽ തദേശിയരായ വിനോദ സഞ്ചാരികളെ കൊണ്ട് നിറയുകയാണ്. ഇവിടം ടൂറിസം കേന്ദ്രമായി വികസിച്ചാൽ വിദേശീയർ ഉൾപ്പെടെ എത്തുകയും പ്രദേശവാസികളായ നിരവധിപേർക്ക് ഉപജീവനത്തിനുള്ള വക കണ്ടെത്തുന്നത്തിനുള്ള അവസരം ഉണ്ടാകുമെന്നു പ്രദേശവാസിയും, ടൂറിസ്റ്റ് ഗെയ്ഡും, പാമ്പു പിടുത്ത വിദഗ്ദ്ധനുമായ മാർട്ടിൻ മേക്കമാലിൽ പറഞ്ഞു '

അദ്ധ്യാപക ഒഴിവിലേയ്ക്ക് കൂടിക്കാഴ്ച

ചേർത്തല:എസ്.എൻ.ട്രസ്റ്റ് ഹയർ സെക്കൻഡറി സ്കൂളിൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ ഇക്കണോമിക്സ് (ജൂനിയർ) താത്കാലിക അദ്ധ്യാപക ഒഴിവിലേയ്ക്ക് 21ന് രാവിലെ 11ന് കൂടിക്കാഴ്ച നടത്തും.

യോഗ്യരായവർ അസൽ സർട്ടിഫിക്കറ്റുകളുമായി ഓഫീസിൽ ഹാജരാകണം.

ഫോൺ:9446405627,0478

വിശ്വഹിന്ദു പരിഷത്ത് മഹാനഗരത്തിന്റെ നേതൃത്വത്തിൽ കലൂർ പാവക്കുളം ക്ഷേത്ര ഹാളിൽ നടന്ന 'ജനനി' മാതൃശക്തി സംഗമം ഡോ. അഞ്ജലി ഉദ്ഘാടനം ചെയ്യുന്നു. വി ശ്രീകുമാർ, പ്രസന്ന ബാഹുലേയൻ, ജയേഷ് കുമാർ സമീപം

വിഎച്ച്പി മാതൃശക്തി സംഗമം

കൊച്ചി: വിശ്വഹിന്ദു പരിഷത്ത് മഹാനഗരത്തിന്റെ നേതൃത്വത്തിൽ 'ജനനി' മാതൃശക്തി സംഗമവും കൗൺസിലിംഗും സംഘടിപ്പിച്ചു. കലൂർ പാവക്കുളം ക്ഷേത്ര ഹാളിൽ നടന്ന സംഗമം ഡോ. അഞ്ജലി ഉദ്ഘാടനം ചെയ്തു. വിഎച്ച്പി സംസ്ഥാന വൈസ് പ്രസിഡൻറ് പ്രസന്ന ബാഹുലേയൻ അധ്യക്ഷത വഹിച്ചു.വിഎച്ച് പി ജില്ലാ പ്രസിഡൻറ് വി ശ്രീകുമാർ, വൈസ് പ്രസിഡൻറ് ഡോ. സിന്ധു രവി , ജില്ലാ സെക്രട്ടറി പി കെ ജയേഷ്, ജോയിൻറ് സെക്രട്ടറിമാരായ മുരളി കൃഷ്ണൻ, പ്രശാന്ത് വർമ്മ, ബജ്രംഗ്ദൾ ജില്ലാ സംയോജക് മനു അശോക് , ദുർഗാവാഹിനി ജില്ലാ സംയോജിക കുമാരി അമൃത, ജില്ലാ അർച്ചക് പുരോഹിത് പ്രമുഖ് പി കെ ജയഗോപൻ, ജില്ലാ ധർമ്മ പ്രസാർ പ്രമുഖ് സോമനാഥൻ തുടങ്ങിയവർ പങ്കെടുത്തു. സൈക്കോളജിസ്റ്റ് അനൂപ് കുമാർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

കളമശ്ശേരി നഗരസഭാ ഓഫീസിൽ
ഡെങ്കിപ്പനി

കൊച്ചി: കളമശ്ശേരി നഗരസഭാ ഓഫീസിൽ സൂപ്രണ്ട് അടക്കം ആറ് ഉദ്യോഗസ്ഥർക്ക് ഡെങ്കിപ്പനി. നഗരസഭാപരിധിയിലെ വിവിധ ഇടങ്ങളിൽ ഡെങ്കിപ്പനി പടരുന്നുണ്ട്. രോഗലക്ഷണങ്ങളുമായി എത്തുന്നവരുടെ എണ്ണവും കൂടുകയാണ്.

ആദ്യഘട്ടത്തിൽ മഴപെയ്തതിനു പിന്നാലെ വെള്ളംകെട്ടിക്കിടന്നത് ഡെങ്കി വ്യാപനത്തിന് കാരണമായിട്ടുണ്ടാകാം എന്നാണ് കരുതുന്നത്. പ്രതിരോധപ്രവർത്തനങ്ങൾ ശക്തമാക്കിയതായി ആരോഗ്യവകുപ്പ് വ്യക്തമാക്കി.

ഈഡിസ് ഈജിപ്റ്റി കൊതുകുകൾ പരത്തുന്ന ഡെങ്കി വൈറസ് മൂലമുണ്ടാകുന്ന രോഗമാണ് ഡെങ്കിപ്പനി. കെട്ടിക്കിടക്കുന്ന ശുദ്ധജലത്തിലാണ് ഇത്തരം കൊതുകുകൾ മുട്ടയിട്ട് വളരുന്നത്.

കൊതുകുവഴി മാത്രമേ ഡെങ്കിപ്പനി ഒരാളിൽ നിന്നും മറ്റൊരാളിലേക്ക് പകരുകയുള്ളൂ. മുതിർന്നവരെയും കുട്ടികളെയും ഒരുപോലെ ബാധിക്കുന്ന രോഗമാണ് ഡെങ്കിപ്പനി. ഡെങ്കിപ്പനിയുടെ ലക്ഷണങ്ങൾ സാധാരണ വൈറൽ പനിയിൽ നിന്ന് വ്യത്യസ്തമല്ലാത്തതിനാൽ പലപ്പോഴും ഡെങ്കിപ്പനി തിരിച്ചറിയാൻ വൈകുന്നു. പെട്ടെന്നുള്ള കടുത്ത പനിയാണ് തുടക്കം. ആരംഭത്തിൽ തലവേദന, പേശിവേദന, വിശപ്പില്ലായ്മ, മനംപുരട്ടൽ, ഛർദി, ക്ഷീണം, തൊണ്ടവേദന, ചെറിയ ചുമ തുടങ്ങിയ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നു. ഈ രോഗലക്ഷണങ്ങൾ എല്ലാം തന്നെ സാധാരണ പനിയോട് സാമ്യമുള്ളവയാണ്.

കണ്ണിനു പുറകിലെ വേദന ഡെങ്കിപ്പനിയുടെ പ്രത്യേകതയാണ്. രക്തത്തിലെ പ്ലേറ്റ്ലെറ്റുകളുടെ അളവ് പെട്ടന്ന് കുറയാൻ സാധ്യതയുള്ളതിനാൽ ആരംഭത്തിൽ തന്നെ വിദഗ് ധ ചികിത്സ ലഭ്യമാക്കേണ്ടതാണ്.

ജീവാനന്ദം പദ്ധതി പിൻവലിക്കണം: സെറ്റോ

കൊച്ചി :സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളം പിടിച്ചെടുത്തു കൊണ്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ജീവാനന്ദം പദ്ധതി പിൻവലിക്കണമെന്ന് സ്റ്റേറ്റ് എംപ്ലോയിസ് ആൻറ് ടീച്ചേഴ്സ് ഓർഗനൈസേഷൻ (സെറ്റോ) എറണാകുളം ജില്ലാ നേതൃത്വ യോഗം ആവശ്യപ്പെട്ടു. എൻ.ജി.ഒ. എ.സംസ്ഥാന ട്രഷറർ എം.ജെ. തോമസ് ഹെർബിറ്റ് യോഗം ഉദ്ഘാടനം ചെയ്തു. കെ.പി.എസ്. റ്റി.എ. സംസ്ഥാന വൈസ് പ്രസിഡൻറ് ടി.യു. സാദത്ത് മുഖ്യപ്രഭാഷണം നടത്തി.സെറ്റോ ജില്ലാ ചെയർമാൻ ഡോ. അരുൺ കെ.നായരുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സെറ്റോ ജില്ലാ കൺവീനർ രഞ്ജിത്ത് മാത്യു സ്വാഗതം ആശംസിച്ചു.എൻ.ജി.ഒ.എ. ജില്ലാ പ്രസിഡൻറ് ടി.വി. ജോമോൻ,കെ.പി.എസ്. ടി. എ. ജില്ലാ സെക്രട്ടറി അജിമോൻ പൗലോസ് പി.എസ്.സി.ഇ.എ. ജില്ലാ പ്രസിഡൻറ് ശ്രീദേവ് എം. എസ്. പി.എസ്.സി.ഇ.എ. സംസ്ഥാന കൗൺസിലർ പീറ്റർ ഷാജി സി.എ, അനിൽ എൻ. എന്നിവർ പ്രസംഗിച്ചു. ബഹു. പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ ഉദ്ഘാടനം ചെയ്യുന്ന 19 ലെ നിയമസഭാ മാർച്ചിൽ എറണാകുളം ജില്ലയിൽ നിന്നും അംഗ സംഘടനയിലെ ഭാരവാഹികളായ 300 ഓളം പ്രവർത്തകർ പങ്കെടുക്കും.

തമ്പാൻ തോമസ് ഫൗണ്ടേഷൻ പുരസ്കാരം ഗ്രോ വാസുവിന

കൊച്ചി: സാമൂഹ്യ പ്രവർത്തകർക്കുള്ള 2024ലെ തമ്പാൻ തോമസ് ഫൗണ്ടേഷന്റെ പുരസ്കാരം ഗ്രോ വാസുവിന്. പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി അദ്ദേഹം നടത്തിയിട്ടുള്ള പോരാട്ടങ്ങൾ മുൻനിർത്തിയാണ് പുരസ്കാരം.ജൂൺ 25ന് കോഴിക്കോട് നടക്കുന്ന ചടങ്ങിൽ വെച്ച് തമ്പാൻ തോമസ് പുരസ്കാരം ഗ്രോ വാസുവിന് സമ്മാനിക്കും.എം വി ശ്രേയാംസ്കുമാർ സമ്മേളനം ഉദ്ഘാടനം ചെയ്യും നടൻ ജോയ് മാത്യു, മഞ്ചേരി സുന്ദർരാജ്, വിജയരാഘവൻ ചെലിയ, കായിക്കര ബാബു എന്നിവർ സംസാരിക്കും

മത്സ്യത്തൊഴിലാളികൾക്കുള്ള ട്രാൻസ്പോണ്ടർ വിതരണം കാര്യക്ഷമമാക്കണമെന്ന് കേന്ദ്രമന്ത്രി

കൊച്ചി: കേന്ദ്ര ന്യൂനപക്ഷ, ഫിഷറീസ് വകുപ്പ് സഹമന്ത്രി ജോർജ് കുര്യൻ കൊച്ചിയിലെ സിഫ്നെറ്റ് സന്ദർശിച്ചു. സിഫ്നെറ്റ് ഡയറക്ടർ എം. ഹബീബുള്ളയും മുതിർന്ന ഉദ്യോഗസ്ഥരും ചേർന്ന് മന്ത്രിയെ സ്വീകരിച്ചു.

ഫിഷിംഗ് ഗിയർ ഹാൾ, ആർ ടി സ്റ്റേഷൻ, കംപ്യൂട്ടർ ലാബ്, നാവിഗേഷൻ സിമുലേറ്റർ ലാബ്, സീമാൻഷിപ്പ് നാവിഗേഷൻ ലാബ്, ബയോളജി ലാബ്, മറൈൻ എഞ്ചിനീയറിംഗ് ലാബ് എന്നിവ സന്ദർശിച്ച കേന്ദ്ര സഹമന്ത്രി ഉദ്യോഗസ്ഥരുമായി കൂടിക്കാഴ്ച നടത്തി. ഫിഷറീസ് നോട്ടിക്കൽ, എഞ്ചിനീയറിംഗ് വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഡയറക്ടർ മന്ത്രിയോട് വിശദീകരിച്ചു. സിഫ്നെറ്റ് മത്സ്യബന്ധന കപ്പലായ എം.വി പ്രശിക്ഷണിയുമായി ആർ ടി സംവിധാനത്തിലൂടെ ആശയവിനിമയം നടത്തിയ കേന്ദ്ര സഹമന്ത്രി മത്സ്യബന്ധന ബോട്ടുകളിൽ സ്ഥാപിക്കുന്നതിനായി ഐഎസ്ആർഒ നിർമിച്ച ട്രാൻസ്പോണ്ടറുകൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച സർക്കാർ പദ്ധതികളെ കുറിച്ച് ചോദിച്ചറിഞ്ഞു. സിഫ്നെറ്റ് പ്രസിദ്ധീകരിച്ച വിവിധ പഠന റിപ്പോർട്ടുകളും മന്ത്രി പരിശോധിച്ചു. ഫിഷറീസ്, നോട്ടിക്കൽ, എൻജിനീയറിങ് വിഭാഗങ്ങളുടെ പ്രവർത്തനവും പരിശീലന പരിപാടികളും മന്ത്രി വിലയിരുത്തി. നഗരത്തിലെ വിവിധ ഫിഷറീസ് സ്ഥാപനങ്ങളും മന്ത്രി സന്ദർശിച്ചു.

സിഫ്നെറ്റ് സന്ദർശിച്ച കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ സിഫ്നെറ്റ് മത്സ്യബന്ധന കപ്പൽ എം വി പ്രശിക്ഷണിയുമായി ആർടി സംവിധാനം വഴി ആശയവിനിമയം നടത്തുന്നു.

വാർഷിക സംഗമം നടത്തി

പെരുമ്പാവൂർ: യാക്കോബായ സുറിയാനി സഭ അങ്കമാലി ഭദ്രാസനത്തിലെ മോർ അത്താനാസിയോസ് വൈദിക സംഘത്തിന്റെ വാർഷിക സംഗമം നടത്തി.

അല്ലപ്ര സെന്റ് ജേക്കബ് യാക്കോബായ സുറിയാനി പള്ളിയിൽ പെരുമ്പാവൂർ മേഖല മെത്രപ്പോലീത്ത മാത്യൂസ് മോർ അഫ്രേം ഉദ്ഘാടനം ചെയ്തു. വർക്കിങ്ങ് പ്രസിഡന്റ് ഡോ. എബ്രഹാം മോർ സേവേറിയോസ് അധ്യക്ഷത വഹിച്ചു.

ഏലിയാസ് മോർ അത്താനാസിയോസ്, ഏലിയാസ് മോർ യൂലിയോസ്, മാത്യൂസ് മോർ അന്തിമോസ്, ഫാ. വർഗീസ് തെക്കേക്കര, ഫാ. അരുൺ, ഫാ. എൽദോസ്, എ.പി. രാജൻ എന്നിവർ സംസാരിച്ചു.

രണ്ടാം വാർഷികം നടത്തി

അങ്കമാലി: മഞ്ഞപ്ര സാംസ്കാരികവേദിയുടെ രണ്ടാം വാർഷികം നടത്തി. എ.പി.വർഗീസ് സ്മാരക ഹാളിൽ വച്ച് നടന്ന വാർഷികാഘോഷം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ ഉദ്ഘാടനം ചെയ്തു. കാലടി ആദിശങ്കര എഞ്ചിനീയറിംഗ് കോളേജിലെ അസോസിയേറ്റ് പ്രൊഫസർ സിജോ ജോർജ് വിദ്യാഭ്യാസവും സാമൂഹ്യ പ്രതിബദ്ധതയും എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി.

ചാക്യാർകൂത്ത് കലാകാരൻ ഡോ. എടനാട് രാജൻ നമ്പ്യാർ, നാടകനടൻ മഞ്ഞപ്ര ദേവസി എന്നിവരെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പൊന്നാട അണിയിച്ച് ആദരിച്ചു.

സാംസ്കാരികവേദി പ്രസിഡന്റ് സജീവ് അരീക്കൽ അധ്യക്ഷത വഹിച്ചു. സെക്രട്ടറി വിജയലക്ഷ്മി ചന്ദ്രൻ, വൈസ് പ്രസിഡന്റ് നോബി കുഞ്ഞപ്പൻ, ജോയിന്റ്സെക്രട്ടറി ടി.പി. കുര്യാക്കോസ്, പി.വി. ആന്റണി,ഫാ. തങ്കച്ചൻ അരീക്കൽ, പി. എ. ദേവസി, ശ്രീനി ശ്രീകാലം, ജോംജി ജോസ്, സെബാസ്റ്റ്യൻ അറക്കൽ, ബാബു വിതയത്തിൽ, സന്തോഷ് പുതുവാശേരി,പി.കെ. രാജീവ്, ജോസ് ഏനമാക്കൽ, വർഗീസ് പുന്നക്കൽ,പി.കെ. ഗോപി, പി. എം. പൗലോസ് എന്നിവർ പ്രസംഗിച്ചു.

അവസരങ്ങൾ അരികത്ത്: ഡിസ്റ്റ് 'ഉദ്യോഗ് 2024

അങ്കമാലി: ഡീ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ കേരള നോളജ് ഇക്കോണമി മിഷനും ഒസാക്ക എഡ്യൂ കെയറും സംയുക്തമായി നടത്തുന്ന 'ഉദ്യോഗ് 2024, തൊഴിൽമേള ജൂൺ 20 വ്യാഴാഴ്ച രാവിലെ 9 മുതൽ വൈകിട്ട് 5 വരെ ഡിസ്റ്റ് കോളേജ് ക്യാമ്പസിൽ വച്ച് നടക്കുന്നു. 70 ലേറെ പ്രമുഖ കമ്പനികൾ ആണ്തൊഴിൽ മേളയിൽ പങ്കാളികളാകുന്നത്. ബഹു: എറണാകുളം അസി. കളക്ടർ അഞ്ജിത്ത്സിംഗ് മുഖ്യാതിഥി ആയിരിക്കും.

ഇരുന്നൂറിലധികം തസ്തികളിലേക്കുള്ള ആയിരത്തോളം അവസരങ്ങളാണ് തൊഴിൽമേളയിൽ ഉദ്യോഗാർത്ഥികളെ കാത്തിരിക്കുന്നത്. ഐടി, ഐ ടി ഇ എസ്, ആനിമേഷൻ, മൾട്ടിമീഡിയ, ബാങ്കിംഗ്, അക്കൗണ്ടിംഗ്, മാനേജ്മെന്റ്, സോഷ്യൽ വർക്ക്, ജേണലിസം എന്നിങ്ങനെ എല്ലാ വിഭാഗങ്ങളിൽ നിന്നുള്ള കമ്പനികളാണ് ഇതിൽ ഭാഗമാകുന്നത്. ഐ സി ടി എ കെ, സി ഐ ഐ, കെ-ഡിസ്ക് കോളേജ് വിദ്യാഭ്യാസ വകുപ്പ്എന്നിവർ സംയോജിച്ച് ആണ് തൊഴിൽമേള നടത്തുന്നത്.

ബിരുദം, ബിരുദാനന്തര ബിരുദം, ഡിപ്ലോമ എന്നിവ പൂർത്തിയായവർക്കും, മുൻപരിചയസമ്പന്നർക്കും പുതുമുഖങ്ങൾക്കും തൊഴിൽ മേളയിൽ പങ്കെടുക്കാം. അപേക്ഷകർ തൊഴിൽ അവസരങ്ങൾക്കായി സമീപിക്കാവുന്ന കമ്പനികൾക്ക് പരിമിതിയില്ല. പരിചയസമ്പന്നരായവർക്കും പുതുമുഖങ്ങൾക്കും ഒരുപോലെ പങ്കെടുക്കാവുന്ന ഈ തൊഴിൽ മേളയിൽ കോളേജ് വെബ്സൈറ്റ് വഴി (www.depaul.edu.in) ക്യു ആർ കോഡ് ഉപയോഗിച്ച് സൗജന്യ റജിസ്ട്രേഷൻ ചെയ്യാവുന്നതാണ്.

വാളറ കമ്പിലൈനിന് സമീപം കാട്ടാനക്കൂട്ടം കൃഷി നശിപ്പിച്ചു

കോതമംഗലം : ഇരുമ്പുപാലം വാളറ കമ്പിലൈനിന് സമീപം കാട്ടാനക്കൂട്ടം കൃഷി നശിപ്പിച്ചു. പ്ലാങ്കൂട്ടിൽ സുകുമാരൻ, കല്ലറയ്ക്കൽ ജോസ് എന്നിവരുടെ കൃഷികളാണ് കാട്ടാനകൂട്ടം നശിപ്പിച്ചത്.തെങ്ങ്,കൊക്കൊ,വാഴ,ഏലം,തുടങ്ങി കൃഷിയിടങ്ങളിൽ നട്ടുവളർത്തിയിരുന്നതല്ലാം കാട്ടാനകൂട്ടം നശിപ്പിച്ചു.കഴിഞ്ഞ രാത്രി 9 മണിയോടെയാണ് ഒരു കൊമ്പനും രണ്ട് പിടിയാനകളും ഉൾപ്പെടുന്ന ആനക്കൂട്ടം നേര്യമംഗലം മൂന്നാം മൈൽ ഭാഗത്തുനിന്നും കൃഷിയിടത്തിലെത്തിയത്.

മേഖലയിൽ കാട്ടാന ശല്യം വ്യാപകമായിട്ട് വർഷങ്ങളായി.അധികൃതർ നടപടി സ്വീകരിക്കുന്നില്ലെന്ന ആക്ഷേപം കർഷകർ ആരോപിച്ചു.കൊച്ചി -ധനുഷ്കോടി ദേശീയ പാതയിൽ പല സ്ഥലങ്ങളിലും രാപകലന്യേ കാട്ടാനകൂട്ടം എത്തുന്നുണ്ട്.പലപ്പോഴും വാഹന ഗതാഗത തടസ്സപ്പെടുന്ന സ്ഥിതിയും നിലവിലുണ്ട്.

അഗത്തിയിൽ കുടുങ്ങിയ കപ്പൽ യാത്ര തുടങ്ങി

കൊച്ചി: ചരക്ക് ഇറക്കുന്നതുമായി ബന്ധപ്പെട്ട തർക്കത്തെ തുടർന്ന് അഗത്തിയിൽ കുടുങ്ങിയ കപ്പൽ യാത്ര തുടങ്ങി.

രോഗികളടക്കം കൽപേനി, അന്ത്രോത്ത് ദ്വീപുകളിലേക്ക് പോകാനുള്ള 220 യാത്രക്കാരാണ് 20 മണിക്കൂറിലധികം അഗത്തിയിൽ കുടുങ്ങിയത്.

പോർട്ട് അതോറിറ്റി ഉദ്യോഗസ്ഥർ യാത്രക്കാരുമായും യൂണിയൻ പ്രതിനിധികളുമായും നടത്തിയ ചർച്ചയിലാണ് പ്രശ്നം പരിഹരിച്ചത്.

കവരത്തിയിലേക്കുള്ള യാത്രക്കാരെ ഇറക്കിയ ശേഷം ഇന്നലെ രാത്രി 10 .30 നാണ് എം വി അറേബ്യൻ അഗത്തിയിലെത്തിയത്.

മെർച്ചന്റ് യൂണിയനും അണ്ലോഡിംങ് കോൺട്രാക്ടർമാരും ചരക്കിറക്കുന്നത് വൈകിപ്പിച്ചതാണ് പ്രതിസന്ധിയ്ക്ക് ഇടയാക്കിയത്.

ഇരുചക്ര വാഹന മോഷ്ടാക്കൾ കോലഞ്ചേരിയിൽ പോലീസ് പിടിയിൽ

കോലഞ്ചരി: ഇരുചക്ര വാഹന മോഷ്ടാക്കൾ പോലീസ് പിടിയിൽ . തൃശൂർ ഓട്ടുപാറ എടക്കാട് മേപ്പുരക്കൽ വീട്ടിൽ അഭിജിത്ത് (19), പത്തനംതിട്ട കലഞ്ഞൂർ സന്ധ്യാ ഭവനിൽ വിഷ്ണു (22) പ്രായപൂർത്തിയാകാത്ത ഒരാൾ എന്നിവരെയാണ് കുന്നത്തുനാട് പോലീസ് പിടികൂടിയത്.

കിറ്റക്സ് ഗാർമെൻസ് പ്രോസസിംഗ് യൂണിറ്റിന്റെ പാർക്കിംഗ് ഏരിയയിൽ പാർക്ക് ചെയ്ത രണ്ട് മോട്ടോർ സൈക്കിളുകൾ 17 ന് പുലർച്ചെയാണ് മോഷണം നടത്തിയത്. പ്രതികളെ രണ്ട്കിലോമീറ്ററോളം എറണാകുളം റോഡിലൂടെ അതിസാഹസികമായി പിന്തുടർന്നാണ് പിടികൂടിയത്. മോഷണം നടന്ന് 24 മണിക്കൂറിനുള്ളിൽ പ്രതികളെ പിടികൂടാൻ കഴിഞ്ഞു. അഭിജിത്തിന് ഒറ്റപ്പാലം, എറണാകുളം സെൻട്രൽ സ്റ്റേഷനുകളിൽ ബൈക്ക് മോഷണ കേസുകൾ ഉണ്ട്. പെരുമ്പാവൂർ

എ.എസ്. പി മോഹിത് റാവത്തിന്റെ നേതൃത്വത്തിൽ കുന്നത്തുനാട് പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ വി.പി സുധീഷ് , എസ്.ഐ എൻ.കെ ജേക്കബ് എ.എസ്.ഐ മാരായ എം. ജി സജീവ്, പി.എസ് കുര്യാക്കോസ്, സീനിയർ സി പി ഒ വർഗീസ്ടി വേണാട്ട്, സി.പി.ഒ മാരായ ഒ.എസ്. ബിബിൻ രാജ്, മിഥുൻ മോഹൻ, ജോഷി മാത്യു, എന്നിവരാണ് അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നത്.

റോളർ സ്കേറ്റിങ് കോച്ചിങ് ക്യാമ്പ്

പറവൂർ: പെരുവാരം സ്പാൻ ന്യൂ സ്പോർട്സ് അക്കാദമിയിൽ സ്കേറ്റിങ് കോച്ചിങ് റെഗുലർ ക്ലാസ്സുകൾ(സ്പീഡ് &റോൾ ബോൾ)ജൂലൈ ഒന്ന് മുതൽ ആരംഭിക്കുന്നു. കോച്ചിങ് ക്ലാസ്സിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.കോച്ചിംഗ് ക്യാമ്പിൽ 5 വയസ് മുതലുള്ള കുട്ടികൾക്കും മുതിർന്നവർക്കും പങ്കെടുക്കാം. ഇത് ആദ്യമായാണ് പറവൂരിൽ ഫ്ലഡ് ലൈറ്റ് സൗകര്യവും അന്താരാഷ്ട്ര നിലവാരത്തിലുള്ളതുമായ റോളർ സ്കേറ്റിങ് റിങ് സ്പോർട്സ് പ്രേമികൾക്കായി സ്പാൻ ന്യൂ സ്പോർട്സ് അക്കാദമി നിർമ്മിച്ചിരിക്കുന്നത്.കഴിവുള്ള റോളർ സ്കേറ്റർമാരെ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം നൽകി അവരെ പ്രതിഭാധനരായ റോളർ സ്കേറ്റർമാരായി വളർത്തിയെടുക്കുക എന്നതാണ് സ്പാൻ ന്യൂ സ്പോർട്സ് അക്കാദമിയുടെ പ്രാധാന ലക്ഷ്യം.കൂടുതൽ വിവരങ്ങൾക്ക് 96332 98619

ശബരിമല തീർത്ഥാടകർ സഞ്ചരിച്ച വാഹനം റോഡരികിലെ മരത്തിലേക്ക് ഇടിച്ചുകയറി നാല് പേർക്ക് പരിക്ക്

മൂവാറ്റുപുഴ: ശബരിമല തീർത്ഥാടകർ സഞ്ചരിച്ച വാഹനം റോഡരികിലെ മരത്തിലേക്ക് ഇടിച്ചുകയറി ഒരു കുടുംബത്തിലെ നാല് പേർക്ക് പരിക്ക്. മലപ്പുറം സ്വദേശികളായ നാലംഗ സംഘം സഞ്ചരിച്ച കാറാണ് തിങ്കളാഴ്ച ഉച്ചക്ക് ഒരു മണിയോടെ മൂവാറ്റുപുഴ - ആരക്കുഴ റോഡിൽ മുതുകല്ല് ഷാപ്പുംപടിയിൽ അപകടത്തിൽപെട്ടത്. അപകടത്തിൽ മലപ്പുറം അരീക്കോട് സ്വദേശികളായ വല്ലയിൽ വേണുഗോപാൽ (64), പദ്മാവതി (54), സുജിത് (44) എന്നിവർ ഗുരുതര പരിക്കുകളോടെയും, പ്രേംനിഖിൽ(38) നിസ്സാരപരിക്കുകളോടെയും ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ശബരിമല തീർത്ഥാടനത്തിന് ശേഷം തിരികെ മലപ്പുറത്തേക്ക് പോകുന്നതിനിടയിലാണ് അപകടമുണ്ടായത്. പണ്ടപ്പിള്ളി ഭാഗത്ത് നിന്നും മൂവാറ്റുപുഴ ഭാഗത്തേക്ക് വരികയായിരുന്ന കാർ നിയന്ത്രണം നഷ്ടപ്പെട്ട് റോഡരികിലെ കൊന്ന മരത്തിലേക്ക് ഇടിച്ച് കയറുകയായിരുന്നു. പരിക്കേറ്റവരെ ഫയർഫോഴ്സിന്റെ നേതൃത്വത്തിൽ മൂവാറ്റുപുഴയിലെ സ്വകാര്യ ആശുപത്രിയിലും തുടർന്ന് തൃശ്ശൂരിലെ ആശുപത്രിയിലും പ്രവേശിപ്പിച്ചു. അപകടത്തെ തുടർന്ന് മൂവാറ്റുപുഴ - ആരക്കുഴ റോഡിൽ അരമണിക്കൂറോളം ഗതാഗതം തടസ്സപ്പെടുകയും, മൂവാറ്റുപുഴ ഫയർഫോഴ്സെത്തി വാഹനം നീക്കം ചെയ്ത് ഗതാഗതം പുനഃസ്ഥാപിക്കുകയും ചെയ്തു. മൂവാറ്റുപുഴ പോലീസ് സ്ഥലത്തെത്തി മേൽനടപടികൾ സ്വീകരിച്ചു.

ICICI Home Finance | കോർപ്പറേറ്റ് ഓഫീസ്: ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഐസിഐസിഐ എച്ച്എഫ്സി ടവർ, അന്ധേരി- കുർള റോഡ്, അന്ധേരി ഈസ്റ്റ്, മുംബൈ- 400059, ഇന്ത്യ.
ശാഖ ഓഫീസ്: [illegible], രണ്ടാം നില, [illegible], കഞ്ഞിക്കുഴി, കോട്ടയം- 686004
[illegible]
സ്ഥാവരവസ്തുവിന്റെ വിൽപ്പനയ്ക്കുള്ള വിൽപ്പന നോട്ടീസ്
[illegible]

Sr. No.	[illegible]	[illegible]	[illegible]	റിസർവ് പ്രൈസ് ഇ.എം.ഡി	[illegible]	[illegible]
(A)	(B)	(C)	(D)	(E)	(F)	(G)
1.	[illegible] Loan Account No. LHKOM0001265856	[illegible]	Rs. 22,96,230/- June 13, 2024	Rs. 6,75,248/- Rs. 67,530/-	July 15, 2024 11:00 AM 03:00 PM	July 24, 2024 02:00 PM 03:00 PM

[illegible] https://BestAuctionDeal.com [illegible] ജൂലൈ 23, 2024 [illegible]
[illegible] ജൂലൈ 23, 2024 [illegible] ജൂലൈ 23, 2024 [illegible]
[illegible] 9920807300 [illegible]
[illegible] https://www.icicihfc.com/

തിയതി: ജൂൺ 19, 2024
സ്ഥലം: ആലപ്പുഴ

അംഗീകൃത ഓഫീസർ
ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്

Edited, Printed and Published by Prasanth Narayanan on behalf of M/s.Vaartha News Network Pvt.Ltd., V Rejikumar (Executive Editor), Vol.09, Issue No.164.RNI No.KERMAL/2018/76414 Printed at M/s S.T. Reddiar Printers, Veekshanam Road, Kochi- 682035 and Published from Vaartha News Network Pvt.Ltd 3rd Floor, KTDFC Bldg., (KSRTC Bus Stand) Angamaly P.O. Ernakulam - 683572. Ph: 0484 2383388 Email: alpbureau@metrovaartha.com, info@metrovaartha.com